## പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 992 | 11.07.2011 ലെ മറുപടിക്ക്

### പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്ക് എന്നിവയുടെ നിക്ഷേപങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.കെ. ജയചന്ദ്രൻ<br>ശ്രീ. എ.എം. ആരിഫ്<br>ശ്രീ. കെ.വി. അബ്ദുൾ ഖാദർ<br>ശ്രീ. കെ.വി. വിജയദാസ് | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി-ഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| എ) പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ജില്ലാ സഹകരണ ബാങ്കുകൾ/ സംസ്ഥാന സഹകരണ ബാങ്ക് എന്നിവയുടെ നിക്ഷേപങ്ങളുടെയും വായ്പയുടെയും പലിശ നിരക്കുകൾ തീരുമാനിക്കുന്നതിനുള്ള സംവിധാനം വിശദമാക്കാമോ; ഇപ്പോഴത്തെ നിരക്കുകൾ വെളിപ്പെടുത്താമോ; | എ) പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളും/ ബാങ്കുകളും, ജില്ലാ സഹകരണ ബാങ്കുകളും, കേരള സംസ്ഥാന സഹകരണ ബാങ്കും സ്വീകരിക്കുന്ന സ്ഥിരനിക്ഷേപങ്ങൾക്ക് നൽകാവുന്ന പരമാവധി പലിശ നിരക്കും ടി സംഘങ്ങൾ/ബാങ്കുകൾ വിതരണം ചെയ്യുന്ന വായ്പകളുടെ പരമാവധി പലിശ നിരക്കും സഹകരണ വകുപ്പ് മന്ത്രി അദ്ധ്യക്ഷനും, സഹകരണ വകുപ്പ് സെക്രട്ടറിയും, സഹകരണ സംഘം രജിസ്ട്രാറും, കേരള സംസ്ഥാന സഹകരണ ബാങ്ക് പ്രസിഡന്റും, മാനേജിംഗ് ഡയറക്ടറും, ജില്ലാ സഹകരണ ബാങ്കുകളുടെ പ്രസിഡന്റുമാരും, ജനറൽ മാനേജർമാരും, പ്രാഥമിക സഹകരണ സംഘങ്ങളുടെ/ ബാങ്കുകളുടെ പ്രതിനിധികളും അംഗങ്ങളായ സെൻട്രൽ ബാങ്ക്സ് കോൺഫറൻസ് ആണ് നിശ്ചയിക്കുന്നത്. വിവിധ സഹകരണ സംഘങ്ങളും ബാങ്കുകളും സ്വീകരിക്കുന്ന സ്ഥിര നിക്ഷേപങ്ങൾക്ക് ഇപ്പോൾ നൽകാവുന്ന പരമാവധി പലിശ നിരക്കും, ടി സംഘങ്ങളും/ബാങ്കുകളും വിതരണം ചെയ്യുന്ന വായ്പകൾക്ക് ഇപ്പോൾ ഈടാക്കാവുന്ന പരമാവധി പലിശനിരക്കും ശതമാന കണക്കിൽ ചുവടെ പറയുന്നു. |

## സ്ഥിര നിക്ഷേപ പലിശ നിരക്ക്

| നിക്ഷേപങ്ങളുടെ കാലാവധി | കേരള സംസ്ഥാന സഹകരണ ബാങ്ക് | ജില്ലാ സഹകരണ ബാങ്കുകൾ | പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ/ ബാങ്കുകൾ |
|---|---|---|---|
| 15 ദിവസം മുതൽ 45 ദിവസം വരെ | 6.50 | 6.75 | 7.00 |
| 46 ദിവസം മുതൽ 90 ദിവസം വരെ | 8.00 | 8.25 | 8.50 |
| 91 ദിവസം മുതൽ 179 ദിവസം വരെ | 8.50 | 8.75 | 9.00 |
| 180 ദിവസം മുതൽ 364 ദിവസം വരെ | 8.75 | 9.00 | 9.25 |
| 1 വർഷവും അതിനു മേലും | 9.50 | 9.75 | 10.00 |
| 3 വർഷവും അതിനു മുകളിലും കാലാവധിയുള്ള 5 ലക്ഷം രൂപ മുതൽ 10 ലക്ഷം വരെയുള്ള നിക്ഷേപം | 9.75 | 10.00 | 10.25 |
| 3 വർഷവും അതിനു മുകളിലും കാലാവധിയുള്ള 10 ലക്ഷം രൂപയ്ക്കുമേലുള്ള നിക്ഷേപം | 10.00 | 10.25 | 10.50 |

മേൽ പരാമർശിച്ചിട്ടുള്ള നിക്ഷേപ പദ്ധതികളിൽ മുതിർന്ന പൗരന്മാർ നടത്തുന്ന നിക്ഷേപങ്ങൾക്ക് ½% നിരക്കിൽ അധിക പലിശ ലഭിക്കുന്നതാണ്. പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ/ ബാങ്കുകൾ ജില്ലാ സഹകരണ ബാങ്കുകളിൽ നടത്തുന്ന നിക്ഷേപങ്ങൾക്ക് പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ നൽകുന്ന നിരക്കിൽ പലിശ ലഭിക്കുന്നതാണ്.

## കാർഷികേതര വായ്പാ പലിശ നിരക്ക്

| വായ്പാ ഇനം | വായ്പാ പരിധി | കേരള സംസ്ഥാന സഹകരണ ബാങ്ക് | ജില്ലാ സഹകരണ ബാങ്കുകൾ | പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ/ ബാങ്കുകൾ |
|---|---|---|---|---|
| വിവാഹ വായ്പ | 50,000 രൂപ വരെ | 9.00 | 9.00 | 9.00 |
| | 50,000 രൂപക്ക് മുകളിൽ 1 ലക്ഷം രൂപ വരെ | 10.00 | 10.00 | 10.00 |
| | 1 ലക്ഷം രൂപക്ക് മുകളിൽ | 13.00 | 13.00 | 13.00 |
| ചികിത്സാ വായ്പ | 50,000 രൂപ വരെ | 9.00 | 9.00 | 9.00 |
| | 50,000 രൂപക്ക് മുകളിൽ 1 ലക്ഷം രൂപ വരെ | 10.00 | 10.00 | 10.00 |
| വീട് മെയിന്റനൻസ് വായ്പ | 2 ലക്ഷം രൂപ വരെ | 11.00 | 11.00 | 11.00 |
| | 2 ലക്ഷം രൂപക്ക് മുകളിൽ | 13.00 | 13.00 | 13.00 |
| കൺസ്യൂമർ വായ്പ | – | 13.00 | 13.00 | 13.00 |
| വിദേശത്ത് ജോലിക്ക് പോകുന്നതിനുള്ള വായ്പ | – | 13.00 | 13.00 | 13.00 |
| വാഹന വായ്പ | – | 13.00 | 13.00 | 13.00 |
| ക്യാഷ് ക്രെഡിറ്റ്/ഓവർ ഡ്രാഫ്റ്റ് | – | 13.00 | 13.00 | 14.00 |

| | | | | |
|---|---|---|---|---|
| ഭവന നിർമ്മാണ വായ്പ | 1,50,000 രൂപ വരെ | 8.50 | 8.50 | 8.50 |
| | 1,50,000 രൂപക്കു മുകളിൽ 5 ലക്ഷം രൂപ വരെ | 11.00 | 11.00 | 11.00 |
| | 5 ലക്ഷം രൂപക്കു മുകളിൽ 10 ലക്ഷം രൂപ വരെ | 12.00 | 12.00 | 12.00 |
| | 10 ലക്ഷം രൂപക്കു മുകളിൽ | 13.00 | 13.00 | 13.00 |
| പഞ്ചായത്ത്/ മുൻസിപ്പാലിറ്റി/ കോർപ്പറേഷൻ അതിർത്തിയിൽ 3 സെന്റ് ഭൂമി വരെ ഉള്ളവർക്ക് വീട് വയ്ക്കുന്നതിനുള്ള വായ്പ | 50,000 രൂപ വരെ | 10.00 | 10.00 | 10.00 |
| ഇ.എം. എസ് പദ്ധതി പ്രകാരവും കുടുംബശ്രീ പദ്ധതി പ്രകാരവും വീട് വയ്ക്കുന്നതിനുള്ള വായ്പ | 50,000 രൂപ വരെ | 10.00 | 10.00 | 10.00 |
| മോർട്ട്ഗേജ് ഭൂസ്വത്ത് വാങ്ങാൻ സാധാരണ വായ്പ | - | 13.00 | 13.00 | 13.00 |
| ബിസിനസ്സ്/ ട്രേഡേഴ്സ് വായ്പ | - | 13.00 | 13.00 | 13.00 |
| വ്യവസായ വായ്പ | - | 13.00 | 13.00 | 13.00 |
| സ്വയം തൊഴിൽ വായ്പ | 1 ലക്ഷം രൂപ വരെ | 9.00 | 9.00 | 9.00 |

| | | | | |
|---|---|---|---|---|
| | 1 ലക്ഷം രൂപക്കമുകളിൽ 3 ലക്ഷം രൂപ വരെ | 12.00 | 12.00 | 12.00 |
| | 3 ലക്ഷം രൂപക്കമുകളിൽ 5 ലക്ഷം രൂപ വരെ | 12.00 | 12.00 | 12.00 |
| കുടുംബശ്രീക്കുള്ള വിവിധ ഇനം വായ്പകൾ | – | 9.00 | 9.00 | 9.00 |
| വിദ്യാഭ്യാസ വായ്പ | – | 10.00 | 10.00 | 10.00 |
| സ്വർണ്ണപ്പണയ വായ്പ | 2 ലക്ഷം രൂപ വരെ | 12.00 | 12.00 | 12.00 |
| | 2 ലക്ഷം രൂപക്കമുകളിൽ | 13.00 | 13.00 | 13.00 |
| ഭൂമി ഇല്ലാത്തവർക്ക് വീട് വയ്ക്കുന്നതിന് ഭൂമി വാങ്ങുന്നതിനുള്ള വായ്പ | 50,000 രൂപ വരെ | 7.00 | 7.00 | 7.00 |
| | 50,000 രൂപക്ക് മുകളിൽ 1 ലക്ഷം രൂപ വരെ | 9.00 | 9.00 | 9.00 |
| | 1 ലക്ഷം രൂപക്കമുകളിൽ 3 ലക്ഷം രൂപ വരെ | 10.00 | 10.00 | 10.00 |
| | 3 ലക്ഷം രൂപക്കമുകളിൽ 5 ലക്ഷം രൂപ വരെ | 12.00 | 12.00 | 12.00 |
| | 5 ലക്ഷം രൂപക്ക് മുകളിൽ | 13.00 | 13.00 | 13.00 |

| | | | | |
|---|---|---|---|---|
| വിദ്യഭ്യാസ സ്ഥാപനങ്ങൾക്കുള്ള വായ്പ | സഹകരണ സ്ഥാപനങ്ങൾക്ക് | 9.00 | 9.00 | 9.00 |
| | ഇതര സ്ഥാപനങ്ങൾക്ക് | 12.00 | 12.00 | 12.00 |
| | കോ-ഓപ്പറേറ്റീവ് അക്കാഡമി ഫോർ പ്രൊഫഷണൽ എഡ്യുക്കേഷന് | 8.75 | 8.75 | 8.75 |
| ഭവന നിർമ്മാണത്തിന് സ്ഥലം വാങ്ങുന്നതിനുള്ള വായ്പ | – | 13.00 | 13.00 | 13.00 |
| മംഗല്യസൂത്ര വായ്പ | – | 4.00 | 4.00 | 4.00 |

**കാർഷിക അനുബന്ധ ആവശ്യങ്ങൾക്കുള്ള വായ്പ**

| | | | | |
|---|---|---|---|---|
| കോഴി/ താറാവ്/ മത്സ്യം വളർത്തുന്നതിനുള്ള വായ്പ | 1 ലക്ഷം രൂപ വരെ 300 ദിവസ കാലാവധിക്ക് | 10.00 | 10.00 | 10.00 |
| ആട്/മാട് വളർത്തുന്നതിനുള്ള വായ്പ | 3 ലക്ഷം രൂപ വരെ 3 വർഷ കാലാവധിക്ക് | 10.00 | 10.00 | 10.00 |
| ഹ്രസ്വകാല കാർഷിക വായ്പ | – | – | – | 7.00 |

പട്ടികജാതി വിഭാഗത്തിലുള്ളവരും, പട്ടിക വർഗ്ഗ വിഭാഗത്തിലുള്ളവരും, ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ളവരും സഹകരണ സംഘങ്ങളിൽ/ ബാങ്കുകളിൽ നിന്നും എടുക്കുന്ന എല്ലാത്തരം കാർഷികേതര വായ്പകൾക്കും കാർഷിക അനുബന്ധ വായ്പകൾക്കും മേൽ പലിശ നിരക്കിൽ 2 % ഇളവ് ലഭിക്കുന്നതാണ്.

ബി) ഈ സഹകരണ സ്ഥാപനങ്ങൾ വഴി കാർഷിക വായ്പയ്ക്കുള്ള നിരക്ക് മുൻ സർക്കാർ എത്ര ശതമാനമായി കുറച്ചിട്ടുണ്ടായിരുന്നു; ഈ നിരക്ക് ഇനിയും കുറയ്ക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

ബി) മുൻ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് സഹകരണ മേഖലയിൽ 25,000/- രൂപ വരെയുള്ള കാർഷിക വായ്പകൾ 8.5% പലിശ നിരക്കിലും 25,000/- രൂപക്കു മുകളിലുള്ള കാർഷിക വായ്പകൾ 9% പലിശ നിരക്കിലുമാണ് വിതരണം ചെയ്തിരുന്നത്. കാർഷിക വായ്പകൾ എല്ലാ

കർഷകർക്കും ആവശ്യാനുസരണം ലഭ്യമാക്കുന്നതിനായി 2006-2007 വർഷത്തിൽ 1 ലക്ഷം രൂപ വരെയുള്ള കാർഷിക വായ്പകൾ 5.5% പലിശ നിരക്കിലും 1 ലക്ഷം രൂപ മുതൽ 3 ലക്ഷം രൂപ വരെയുള്ള കാർഷിക വായ്പകൾ 6% പലിശ നിരക്കിലും വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു. 2007-2008 വർഷത്തിൽ നെല്ല്, കപ്പ, പച്ചക്കറി കൃഷിക്ക് 4% പലിശ നിരക്കിൽ കാർഷിക വായ്പ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചു. കേന്ദ്ര സർക്കാർ നിർദ്ദേശങ്ങൾക്കും, നബാർഡ് നയത്തിനനുസൃതമായും നബാർഡ് പുനർ വായ്പയുടെ ലഭ്യത കണക്കിലെടുത്തും എല്ലാ ഹ്രസ്വകാല കാർഷിക വിള വായ്പകൾക്കും 7% പലിശ നിരക്കായി നിജപ്പെടുത്തിയിട്ടുണ്ട്. കാർഷിക വായ്പ കൃത്യമായി തിരിച്ചടക്കുന്ന കർഷകർക്ക് 2009-2010 വർഷത്തിൽ 1%ഉം, 2010-11 വർഷത്തിൽ 2% ഉം, 2011-12 വർഷത്തിൽ 3% ഉം പലിശ ഇളവ് ലഭിക്കുന്നതാണ്. ആയതിൻ പ്രകാരം കാർഷിക വായ്പ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകർക്ക് 2009-10 വർഷത്തിൽ 6% പലിശ നിരക്കിലും, 2010-11 വർഷത്തിൽ 5% പലിശ നിരക്കിലും, 2011-12 വർഷത്തിൽ 4% പലിശ നിരക്കിലും വായ്പ ലഭ്യമാക്കുന്നതാണ്. നെൽ കൃഷിക്കായി പലിശ രഹിത വായ്പാ പദ്ധതിയും മുൻ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയിട്ടുണ്ട്. കാർഷിക വായ്പയുടെ പലിശ നിരക്ക് ഇനിയും കുറയ്ക്കുന്നത് സംബന്ധിച്ച് തീരുമാനം കൈക്കൊണ്ടിട്ടില്ല.

സി) സംഘങ്ങൾ കൂടിയ നിരക്കിൽ നിക്ഷേപം സ്വീകരിച്ച് കുറഞ്ഞ നിരക്കിൽ ഹ്രസ്വകാല കാർഷിക വായ്പ നൽകുമ്പോൾ ഉണ്ടാകുന്ന വ്യത്യാസം ഇപ്പോൾ ആരാണ് വഹിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

സി) സഹകരണ സംഘങ്ങൾ/ബാങ്കുകൾ സ്വന്തം ഫണ്ടിൽ നിന്നും നൽകുന്ന ഹ്രസ്വകാല കാർഷിക വായ്പകൾക്ക് 1½ % പലിശ നിരക്ക് പലിശ സബ് വെൻഷൻ ആയി കേന്ദ്ര സർക്കാർ ബന്ധപ്പെട്ട സഹകരണ സംഘങ്ങൾക്ക്/ബാങ്കുകൾക്ക് നൽകുന്നു. പ്രസ്തുത 1 ½ % കഴിച്ചുള്ള പലിശ വ്യത്യാസം ഇപ്പോൾ വായ്പ നൽകുന്ന സഹകരണ സംഘം/ബാങ്ക് ആണ് വഹിക്കുന്നത്.

ഡി) ഈ വ്യത്യാസം സർക്കാർ കൂടി വഹിച്ചുകൊണ്ട് കാർഷിക വായ്പ നൽതോതിൽ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ഡി) ഇക്കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

Rajendran

സെക്ഷൻ ഓഫീസർ